Police Headquarters
Vazhuthacaud
Thiruvananthapuram - 695010
0471 2318188
info.pol@kerala.gov.in
statepolicemediacentre

**STATE POLICE MEDIA CENTRE**
**KERALA POLICE**

No.128/PR/SPMC/PHQ/2022 Date:31.07.2022

## പോലീസ് ഉദ്യോഗസ്ഥർക്കായി ഡിജിപിയുടെ അദാലത്ത് ഓഗസ്റ്റ് 17 ന്

ക്രൈംബ്രാഞ്ച്, സ്റ്റേറ്റ് ക്രൈം റിക്കാർഡ്സ് ബ്യൂറോ, സ്റ്റേറ്റ് സ്പെഷ്യൽ ബ്രാഞ്ച്, ടെലികമ്മ്യൂണിക്കേഷൻ, പോലീസ് ഹെഡ് ക്വാർട്ടേഴ്സ്, കേരളാ പോലീസ് അക്കാദമി, പോലീസ് ട്രെയിനിംഗ് കോളേജ്, റെയിൽവേ എന്നിവിടങ്ങളിലെ പോലീസ് ഉദ്യോഗസ്ഥർക്കായി സംസ്ഥാന പോലീസ് മേധാവി അനിൽ കാന്ത് നടത്തുന്ന ഓൺലൈൻ അദാലത്തിലേയ്ക്ക് ഓഗസ്റ്റ് അഞ്ചു വരെ പരാതി നൽകാം. ഓഗസ്റ്റ് 17 നാണ് അദാലത്ത്.

പരാതികൾ spctalks.pol@kerala.gov.in വിലാസത്തിൽ ലഭിക്കണം. പരാതിയിൽ മൊബൈൽ നമ്പർ ഉൾപ്പെടുത്തണം. ഹെൽപ്പ് ലൈൻ നമ്പർ: 9497900243.

SPC Talks with Cops എന്ന് നാമകരണം ചെയ്തിരിക്കുന്ന പരിപാടിയിൽ സർവ്വീസിൽ ഉള്ളതും വിരമിച്ചതുമായ പോലീസ് ഉദ്യോഗസ്ഥരുടെ സർവ്വീസ് സംബന്ധവും വ്യക്തിപരവുമായ പരാതികളാണ് പരിഗണിക്കുന്നത്. ഇവ നേരിട്ട് സംസ്ഥാന പോലീസ് മേധാവിയുടെ ശ്രദ്ധയിൽപ്പെടുത്തി പരിഹാരം കാണാം. പോലീസ് ഉദ്യോഗസ്ഥർക്ക് മേലധികാരി മുഖേന അല്ലാതെ നേരിട്ടുതന്നെ പരാതി നൽകാമെന്നതാണ് ഇതിന്റെ പ്രത്യേകത. പോലീസ് ഉദ്യോഗസ്ഥരുടെ ജീവിതപങ്കാളിക്കും പരാതി നൽകാം.

******************************